# ‘ദൈവത്തെ അനുസരിച്ചും ആശ്രയിച്ചും ജീവിക്കുക’

## സങ്കീർത്തനം 81:12

‘‘അതുകൊണ്ട് അവർ സ്വന്ത ആലോചനപ്രകാരം നടക്കേണ്ടതിനു ഞാൻ അവരെ ഹൃദയ കാഠിന്യത്തിനു ഏല്പിച്ചു കളഞ്ഞു.’’

മിസ്രയീമ്യ അടിമത്വത്തിൽ നിന്നും ഊഴിയ വിചാരകന്മാരുടെ ദണ്ഡനങ്ങളിൽ നിന്നും തന്റെ സ്വന്തം മക്കളെ ദൈവം വിടുവിച്ചു. അവരുടെ നിലവിളി കേട്ടു. ഇടിമുഴക്കത്തിന്റെ മറവിൽ നിന്നും അവർക്ക് ഉത്തരമരുളി. തന്റെ മക്കൾക്ക് അവൻ കല്പനകളും പ്രമാണങ്ങളും കൊടുത്തു. അന്യദൈവം നിനക്ക് ഉണ്ടാകരുത് എന്ന് തന്റെ മക്കൾക്ക് കൊടുത്ത കർശനമായ കല്പന ആയിരുന്നല്ലോ. എന്നാൽ ദൈവത്തെ മറന്നും മറുതലിച്ചും അനുസരിക്കാതെ പിന്മാറിയ ജനത്തെ ആണ് നാം കാണുന്നത്. ഈ ജനത്തെ നോക്കിക്കൊണ്ട് ദൈവം പറയുന്നു. അതുകൊണ്ട് അവർ സ്വന്ത ആലോചനപ്രകാരം നടക്കേണ്ടതിനു ഹൃദയകാഠിന്യത്തിനു ഏല്പിച്ചു.

എത്ര കർശനവും, ഭയാനകവുമായ ഒരു ശിക്ഷാനടപടി ആകുന്നു. കാരണം ആത്മാവിന്റെ നടത്തിപ്പ് സദാ സമയവും ഉണ്ട് എന്നതാണ് ഒരു ദൈവപൈതലിന്റെ ജീവിതത്തിന്റെ ഏറ്റം ശ്രേഷ്ഠകരമായ അനുഭവം. ‘ദൈവകൃപ’ എന്ന മഹൽശക്തി ആണ് നമ്മെ നിയന്ത്രിക്കുന്നത്. ഈ കൃപ ഇല്ലാതെ വരുമ്പോൾ മനുഷ്യൻ സ്വയം നിയന്ത്രിക്കുകയും, സ്വന്തം ആഗ്രങ്ങളും ആലോചനകളും താല്പര്യങ്ങളും അവനെ ഭരിക്കുകയും ചെയ്യും. തീർച്ചയായും ഇത് വികാരങ്ങൾക്ക് മാത്രം അടിമപ്പെട്ട ഒരു അവസ്ഥയിലായിത്തീരും. അതേ പ്രിയരേ, ഒരു ആത്മാവിനെ സ്വന്തം മോഹങ്ങൾക്ക് ഏല്പിക്കുക എന്നത് ഭയാനകമായ അവസ്ഥ തന്നെ ആകുന്നു. യിസ്രായേൽ മക്കളെ നോക്കി ദൈവം അതായിരുന്നു പറഞ്ഞത്. തീർച്ചയായും അത് നിത്യദുരന്തത്തിനും, നിത്യനാശത്തിനും തന്നെ ഇടയായിത്തീരും.

ദൈവികമായ നടത്തിപ്പ് അഥവാ ആത്മാവിന് വേണ്ട നിരന്തരമായ ആലോചന അതായിരിക്കണം ഒരു ദൈവപൈതലിന്റെ ആഗ്രഹം. അതിനെ എന്തുവിലകൊടുത്തും കാത്തുസൂക്ഷിക്കുവാൻ നാം തയ്യാറായിരിക്കണം. ഈ നടത്തിപ്പ് പിൻവലിക്കപ്പെട്ടാൽ നാം ആടിയുലഞ്ഞ് വലഞ്ഞുപോകുന്ന ഓരു കപ്പൽപോലെ തന്നെയാകും. നിത്യം അവന്റെ സാന്നിധ്യവും ആലോചനയും ലഭിക്കുക എന്നത് ജീവിതത്തിന്റെ ഒരു നിർബന്ധമായ താല്പര്യം തന്നെ ആയിരിക്കട്ടെ. തന്റെ വിശുദ്ധവും, ദയാപൂർണ്ണവുമായ ആധിപത്യം നമ്മുടെമേൽ അനുനിമിഷം ചൊരിയുവാൻ പ്രാർത്ഥിക്കാം.

കഴിഞ്ഞകാല ജീവിതത്തിൽ ദൈവത്തിന്റെ ഇടപെടലുകൾ, അവൻ ചൊരിഞ്ഞ നന്മകൾ, ദൈവപ്രവൃത്തി, രക്ഷാകരമായ പദ്ധതിയിൽ അവന്റെ കരുണ നമ്മെ ആകർഷിച്ചത് അങ്ങനെ എല്ലാമെല്ലാം ഓർത്ത് കർത്താവിനെ സ്തുതിക്കാം. യിസ്രായേൽ മക്കളെ വിടുവിച്ച ദൈവം നമ്മെ ഓരോരുത്തരെയും വിടുവിച്ചു. സകല ബന്ധനങ്ങളും പാപത്തിന്റെ അടിമത്വവും നമ്മുടെ തോളിൽനിന്ന് നീക്കി. നാം ചുമന്നുകൊണ്ടു നടന്നിരുന്ന 'കൊട്ട' അത് സ്വയത്തിന്റേതായിരുന്നു. എന്നാൽ ഈ കൊട്ട അവൻ ഒഴിപ്പിച്ചു. ദൈവമക്കളാകാനുള്ള മഹാ ഭാഗ്യം ചൊരിഞ്ഞു. അവനെ അനുസരിച്ചും ആശ്രയിച്ചും ജീവിക്കുക എന്നത് നമ്മുടെ പരമ പ്രധാനമായ ലക്ഷ്യം ആയിരിക്കണം. ദൈവഹിതവും അതുതന്നെ. അതുകൊണ്ട് ദൈവ ജനത്തിനു വന്ന വീഴ്ച നമ്മുടെ ജീവിതത്തിൽ ഭവിക്കാതിരിക്കട്ടെ. അവനെ അനുസരി ക്കാതെ പരിശുദ്ധാത്മാവിനെ വേദനിപ്പിക്കുന്ന ഒന്നും ജീവിതത്തിൽ ഉണ്ടാകുവാൻ ഇടയാക രുതേ എന്ന് പ്രാർത്ഥിക്കാം.

ആത്മാവിന്റെ അത്ഭുതകരമായ നടത്തിപ്പ് ലഭിക്കാനും നിലനിർത്താനും ആകാംക്ഷയും, ആഗ്രഹവും, അനുസരണയും ഉള്ളവരായിരിക്കാം. ആത്മാവ് നയിക്കുമ്പോൾ മനുഷ്യന്റെ ശ്രേഷ്ഠതയും, അത് ഇല്ലാതെ പോകുമ്പോൾ ഉള്ള ദയനീയമായ അവസ്ഥയും തമ്മിലുള്ള അന്തരം വ്യക്തമായും നമുക്ക് കാണാം. അതിനാൽ കപ്പിത്താ നില്ലാത്ത ഒരു കപ്പൽ പോലെയോ, നായകനില്ലാത്ത സഭപോലെയോ അല്ല, ജീവപര്യന്തം നമ്മെ വഴിനടത്തുവാൻ മതിയായ ഒരു അപ്പന്റെ മക്കളാണ് നാം. ഈ നടത്തിപ്പിനായി നമുക്ക് സമർപ്പിക്കാം. ഹൃദയകാഠിന്യത്തിനും, തന്മൂലമുള്ള വികാരവിചാരങ്ങൾക്കും അടിമപ്പെട്ട ജീവിതം അല്ല കർത്താവിന്റെ പ്രിയമക്കളായി തന്നെ നമുക്ക് മുന്നേറാം.

പരാമർശം :

പുറപ്പാട് 19:5

**ആകയാൽ നിങ്ങൾ എന്റെ വാക്കു കേട്ടു അനുസരിക്കയും എന്റെ നിയമം പ്രമാണിക്കയും ചെയ്താൽ നിങ്ങൾ എനിക്കു സകലജാതികളിലുംവെച്ചു പ്രത്യേക സമ്പത്തായിരിക്കും; ഭൂമി ഒക്കെയും എനിക്കുള്ളതല്ലോ.**

**സിസ്റ്റർ ബിന്ദു റെജി അയ്മനം 114**